നം.കെ.എസ്.എ.-ഐ.ഡി.കെ.-7/282/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി. 04.03.2017

# ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

************************

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 27.01.2016 മുതൽ 13.02.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 മുതൽ 17.02.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സന്ദജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യൂ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി. സാമുവൽ | സീ. ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ലീലാമ്മ ജോസഫ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ. ജിമ്മി പോൾ | 19.11.2015 മുതൽ 31.03.2016 വരെ |
| | ശ്രീ. ബാബു ജോസഫ് | 01.04.2015 മുതൽ 08.02.2016 വരെ |
| സെക്രട്ടറി | ശ്രീ. കെ. ജെയ് മോൻ (ജോയിന്റ് ബി.ഡി.ഒ.-അധിക ചുമതല) | 09.02.2016 മുതൽ 14.02.2016 വരെ |
| | ശ്രീ. വി.ആർ.ഷാജി | 15.02.2016 മുതൽ 31.03.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീമതി. ലിസ്സി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. കെ.കെ. കൈരളി | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടികവർഗ്ഗ വികസന ഓഫീസർ | ശ്രീ. പി. സി. അനൂപ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, പുറപ്പുഴ) | ഡോ. ബി. സുധാകർ | 01.04.2015 മുതൽ 31.03.2016 വരെ |
| ശിശുവികസന പദ്ധതി ഓഫീസർ | ശ്രീമതി. കെ. വി. ആശാമോൾ | 01.04.2015 മുതൽ 18.10.2015 വരെ |
| | ശ്രീമതി. ആർ. സരസ്വതി | 19.10.2015 മുതൽ 08.12.2015 വരെ |
| | ശ്രീമതി. കെ. ജി. ഷൈല | 09.12.2015 മുതൽ 31.03.2016 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. പി.എസ്. സുപ്രിയദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.ഡയറക്ടർ (കൃഷി) | ജോർജ് സെബാസ്റ്റ്യൻ | 01.04.2015 മുതൽ31.03.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 12 | എസ്.എച്ച്.ജി. വിപണന കേന്ദ്രം വാടക സംബന്ധിച്ച | 2-1 |
| 13 | സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല | 2-2 |
| 14 | ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല – വരുമാനത്തിൽ നഷ്ടം | 2-3 |
| | ഭാഗം 3 | |
| 14 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കൽ – അപാകതകൾ | 3-1 |
| 15 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-2 |
| 16 | പകൽ വീടുകൾ പ്രവർത്തനക്ഷമമാക്കിയില്ല | 3-3 |
| 17 | നിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം - കൈപ്പറ്റ് രസീത് ലഭ്യമാക്കാത്തത് | 3-4 |
| 18 | ഭവന നിർമ്മാണം - പൂർത്തിയാക്കാത്തത് | 3-5 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തത് | 3-6 |

| | | |
|---|---|---|
| | ഭാഗം 4 | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 23 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 10.03.2015 തീയതിയിലെ (1) തീരുമാന പ്രകാരം അംഗീകരിച്ചു. ₹15,08,62,155/- വരവും ₹14,98,38,155/- ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് പാസാക്കിയിരിക്കുന്നത്. എന്നാൽ യഥാർത്ഥ വരവ് ചെലവുകൾ 4,25,35,683/-ഉം 5,06,93,020/- ഉം ആണ്. യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 31.12.2016 | - | - |

വാർഷിക ധനകാര്യ പത്രിക കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 9(1)-ാം വകുപ്പിൽ അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം – 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,96,23,851 |
| വരവ് | ₹4,25,35,683 |
| ആകെ | ₹6,21,59,534 |
| ചെലവ് | ₹5,06,93,020 |
| നീക്കിയിരിപ്പ് | ₹1,14,66,514 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 38,02,095 | 1,34,36,000 | 1,72,38,095 | 1,55,29,744 | 90.08 |
| വികസനഫണ്ട് - എസ്.സി.പി. | 1,738 | 29,76,000 | 29,77,738 | 29,77,738 | 100 |
| വികസനഫണ്ട് - ടി.എസ്.പി. | 316 | 8,44,000 | 8,44,316 | 3,10,800 | 36.81 |
| സംരക്ഷണഗ്രാന്റ് | 2,34,141 | 19,55,000 | 21,89,141 | 17,58,011 | 80.30 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 45 | 23253190 | 39 | 20575893 | 5 | 1 | 86.66 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

– ഇല്ല –

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം (-) 73.54 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 65636 | 17366 | (-)48270 | (-)73.54 |
| മറ്റ് വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 65636 | 17366 | (-)48270 | (-)73.54 |

## 1-8 ക്ഷേമ പദ്ധതികൾ

– ഇല്ല -

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളും രേഖകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.08.2016 മുതൽ 31.08.2016 വരെ | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.02.2015 | 2009-10 മുതൽ 2013-14 വരെ | 21.05.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
2.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3.വാടകയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4.ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റിക്കൺസിൽ ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

*******************

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 എസ്. എച്ച്. ജി. വിപണന കേന്ദ്രം - വാടക സംബന്ധിച്ച്

തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത് 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മങ്ങാട്ടുകവലയിൽ

പൂർത്തിയാക്കിയ വനിത എസ്. എച്ച്. ജി. വിപണനകേന്ദ്രം എന്ന കെട്ടിടം (കെട്ടിട നമ്പർ 231-H)ൽ കിഡ്നി വെൽഫയർ സൊസൈറ്റി ഓഫീസായി പ്രവർത്തിക്കുന്നതിന് അനുവദിക്കണമെന്ന് കിഡ്നി വെൽഫയർ സൊസൈറ്റിയുടെ അപേക്ഷ 23.06.2015 തീയതിയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും 4(2) നമ്പർ തീരുമാന പ്രകാരം കരാർ ഉടമ്പടി വെയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം പ്രതിമാസം ₹500/-ക്ക് എഗ്രിമെന്റ് കാലാവധിയായ 11.09.2015 മുതൽ 10.08.2016 വരെ 11 മാസക്കാലത്തേക്ക് കെട്ടിടം കിഡ്നി വെൽഫയർ സൊസൈറ്റിക്ക് വാടകയ്ക്ക് കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ (1) പ്രകാരം കരാർ കാലാവധി അവസാനിച്ച ശേഷം കരാർ പുതുക്കാതെ പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നതിന് കക്ഷിക്ക് അവകാശം ഇല്ലാത്തതാണ്. കരാർ കാലാവധി അവസാനിച്ച 10.08.2016ന് ശേഷം വാടക കരാർ നാളിതുവരെ പുതുക്കാതെ സ്ഥാപനം ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 10.08.2016ന് ശേഷം നാളിതുവരെ വാടക ഇനത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല. കരാർ പുതുക്കി വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല

വൗച്ചർ നം. 3/11-15 തീ.26.03.2016.
ചെ. നം. 1573523.

തൊടുപുഴ ബ്ലോക്ക് ഓഫീസിലേക്കാവശ്യമായ ഫോമുകളും രജിസ്റ്ററുകളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്നും വാങ്ങിയ ഇനത്തിൽ ₹3,557/- ചെലവായിട്ടുണ്ട്. എന്നാൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രസ്തുത വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 2-3 ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല – വരുമാനത്തിൽ നഷ്ടം

ഓഡിറ്റ് വർഷത്തിൽ ടെണ്ടർ പ്രവർത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്. എന്നാൽ ഇ-ടെണ്ടർ മുഖേന പ്രവർത്തികൾ നടപ്പാക്കുമ്പോൾ ടെണ്ടർ ഫാറത്തിന്റെ വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഒടുക്കുന്നത്. എന്നാൽ പഞ്ചായത്ത് രാജ് നിയമ പ്രകാരം ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക്പഞ്ചായത്തിന്റെ വരവായി തിരികെ ഈടാക്കേണ്ടതാണ്. ആയതിനാൽ ടെണ്ടർ ഫാറത്തിന്റെ വില

ബ്ലോക്ക്പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*****************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കൽ /ബത്ത നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

നിർവ്വഹണം - സി.ഡി.പി. ഒ, തൊട്ടുപുഴ.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കൽ/ബത്ത നല്കൽ (പ്രോജക്റ്റ് നം 29)

ബിൽ നം - 1/15-16/17.02.2016 ₹7,00,000/-

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കൽ/ബത്ത നല്കൽ എന്ന പ്രോജക്റ്റ് പ്രകാരം പിൻവലിച്ച ₹7,00,000/- ബ്ലോക്കിന് കീഴിലുള്ള വിവിധ പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് നല്കിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹7,00,000/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.ചെലവ് - തടസ്സം ₹10,90,000/-

| ക്രമ നം. | പ്രോജക്റ്റ് നം. പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം. തീയതി | തുക ₹ | ഡി.ഡി. നം. തുക ₹ | നിർവ്വഹണ ഏജൻസി | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | 12/15-16 പാലിയേറ്റിവ് കെയർ | ബ്ലോക്ക് പഞ്ചായത്ത് | 24/15-16 തീയതി 19-02-16 | 331665 | 407403 തീ.25.02.16 തുക | മണക്കാട് ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ₹66,666/- | | |
| | | | | | 407404 തീ.25.02.16 തുക ₹98,333/- | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | |
| | | | | | 407405 തീ.25.02.16 തുക ₹66,666/- | മുട്ടം ഗ്രാമ പഞ്ചായത്ത് | |
| | ഗ്രാമ പഞ്ചായത്തു കൾക്ക് ഉള്ള വിഹിതം | സെക്രട്ടറി | | | 407406 തീ.25.02.16 തുക ₹1,00,000/- | ഇടവെട്ടി ഗ്രാമ പഞ്ചായത്ത് | |
| | | | 25/15-16 തീയതി 04-03-16 | 258335 | 407995 തീ.15.03.16 തുക ₹1,58,335/- | കരിങ്കുന്നം ഗ്രാമ പഞ്ചായത്ത് | |
| | | | | | 407994 തീ.15.03.16 തുക ₹1,00,000/- | കുമാരമംഗലം ഗ്രാമ പഞ്ചായത്ത് | |
| 2 | 19/15-16 ആയുർവേദ പാലിയേറ്റിവ് കെയർ സ്നേഹധാര ഗ്രാമ പഞ്ചായത്തു കൾക്ക് ഉള്ള വിഹിതം | സെക്രട്ടറി | 01/15-16 തീയതി 15.10.15 | 333332 | 834826 തീ.20.10.16 തുക ₹83,333/- | മുട്ടം ഗ്രാമ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| | | | | | 834827 തീ.20.10.16 തുക ₹83,333/- | ഇടവെട്ടി ഗ്രാമ പഞ്ചായത്ത് | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | 834828 തീ.20.10.16 തുക ₹83,333/- | കുമാരമംഗലം ഗ്രാമ പഞ്ചായത്ത് | |
| | | | | | 834829 തീ.20.10.16 തുക ₹83,333/- | മണക്കാട് ഗ്രാമ പഞ്ചായത്ത് | |
| | | | 23/15-16 തീയതി 19.02.16 | 166668 | 407503 തീ.15.03.16 തുക ₹83,333/- | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | |
| | | | | | 407504 തീ.15.03.16 തുക ₹83,333/- | കരിങ്കുന്നം ഗ്രാമ പഞ്ചായത്ത് | |
| | | | ആകെ | 10,90,000 | | | |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹1,09,00,00/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 പകൽ വീട്ടുകൾ പ്രവർത്തനക്ഷമമാക്കിയില്ല

ബ്ലോക്ക്പഞ്ചായത്തുകളുടെ പൊതു-മേഖലാപരമായ ചുമതലകൾ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പിന് കീഴിലുള്ള 4-ാം പട്ടികയിൽ വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത ചുമതലകളിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ ആവിഷ്കരിക്കാൻ പാടില്ലായെന്ന് 12-ാം പദ്ധതി മാർഗ്ഗരേഖയിലും പ്രത്യേക നിഷ്കർഷയുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013ലെ ജി.ഒ.(എം.എസ്.)362/2013 നമ്പർ ഉത്തരവ് ഖണ്ഡിക 11.13.IV(എ) കാണുക. പ്രസ്തുത നിയമവും സർക്കാർ നിർദ്ദേശവും നിലനിൽക്കേ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി

പ്രകാരം താഴെ പറയുന്ന പകൽ വീടുകൾ നിർമ്മിക്കുകയുണ്ടായി. ആയവ നിലവിൽ പ്രവർത്തന ക്ഷമമാണോയെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം.15) മറുപടി ലഭ്യമാക്കിയില്ല. 2015-2016 വർഷത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആയത് പ്രവർത്തനം തുടങ്ങിയിട്ടില്ല .ഭീമമായ തുക ചെലവഴിച്ച് നിർമ്മിച്ച പകൽവീടുകൾ നിഷ്ക്രിയ ആസ്തികളായി നിലനിൽക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

പ്രസ്തുത പകൽവീടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.കുമാരമംഗലം പാറഭാഗത്ത് പകൽവീട്

2.മണക്കാട് 5-ാം വാർഡിൽപകൽവീട്

3.മണക്കാട് ആൽപ്പാറ കോളനി പകൽ വീട്

4.പുറപ്പുഴ 4-ാം വാർഡിൽ പള്ളിപ്പാറ അംഗൻവാടിയോട് ചേർന്ന് പകൽ വീട്.

ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നിർമ്മിച്ച കെട്ടിടങ്ങൾ പ്രവർത്തിപ്പിക്കുവാനോ, അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുവാനോ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയത് - ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല

2015-16 വർഷം നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതമായി ₹96,888/- കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ ഒടുക്കുന്ന തുകയുടെ ഔദ്യോഗിക കൈപ്പറ്റ് രസീത് യഥാസമയം തന്നെ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന ഐ.എ.വൈ. ഗുണഭോക്താക്കൾ നാളിതുവരെയായും വീട് പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | തുക (₹) | എഗ്രിമെന്റ് തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഓമന തങ്കച്ചൻ,<br>വെമ്പിള്ളിൽ, കുമാരമംഗലം | 79500 | 28.12.15 |
| 2 | ബിന്ദു സുരേഷ് കുമാർ<br>കോട്ടക്കൽ, ഈസ്റ്റ് കല്ലൂർ,<br>കുമാരമംഗലം | 189500 | 01.02.16 |
| 3 | അന്ന ഉല്ലാസ്<br>ചോഴാംകുഴിയിൽ, കുമാരമംഗലം | 141500 | 29.02.16 |
| 4 | ശിവശങ്കരൻ,<br>വട്ടനാൽ, മണക്കാട് | 161500 | 15.09.15 |
| 5 | തങ്കമ്മദാമോദരൻ,<br>വാന്തിയിൽ, മണക്കാട് | 59500 | 07.09.15 |
| 6 | രജനിസാബു,<br>കൊല്ലംകുന്നേൽ, മണക്കാട് | 59500 | 26.09.15 |
| 7 | രമണി എം.കെ,<br>കിഴക്കേടത്ത്, മുട്ടം | 164500 | 29.09.15 |
| 8 | റോസ ജെയ്സൺ,<br>ആലുങ്കപാറയിൽ, മുട്ടം | 164500 | 15.09.15 |
| 9 | ഉഷ രവി,<br>മണ്ണൂർ, മുട്ടം | 59500 | 29.09.15 |
| 10 | ലീലാമ്മ രാജു,<br>താന്നിച്ചുവട്ടിൽ, മുട്ടം | 164500 | 16.09.15 |
| 11 | രാജമ്മ ശശി,<br>കല്ലിക്കുന്നേൽ, മുട്ടം | 164500 | 16.09.15 |
| 12 | ഓമനരവി,<br>താഴത്തെപറമ്പിൽ, മുട്ടം | 50,000 | 12.08.15 |
| 13 | നാരായണൻ കെ.സി.<br>വട്ടപറമ്പിൽ, മുട്ടം | 59500 | 27.01.16 |

| | | | |
|---|---|---|---|
| | | | |
| 14 | ഫിലോമിന ഏലിയാസ്<br>മീമ്പള്ളിൽ, മാതാച്ചാൽ | 139500 | 25.08.15 |

## 3-6 ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം പണി പൂർത്തീകരിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 13) മറുപടി ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.കുമാരമംഗലം പാറഭാഗത്ത് പകൽവീട്.

2.മണക്കാട് 5-ാം വാർഡിൽപകൽവീട്.

3.മണക്കാട് ആൽപ്പാറ കോളനി പകൽ വീട്.

4.മണക്കാട് 9-ാം വാർഡിൽ വനിതാ വികസന സാംസ്കാരിക നിലയം.

5.കർഷക ഓപ്പൺ മാർക്കറ്റ് – മുട്ടം ഗ്രാമപഞ്ചായത്ത്.

6.മുട്ടം സി.എച്ച്.സി. ടോയ് ലെറ്റ്.

7.പുറപ്പുഴ 4-ാം വാർഡിൽ പള്ളിപ്പാറ അംഗൻവാടിയോട് ചേർന്ന് പകൽ വീട്.

ടി കെട്ടിടങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-4- വായ്പ / വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെ പേരിലോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം ₹75,000/- | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,25,35,683 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,06,93,020 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹17,90,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7,00,000 | ശ്രീമതി. കെ. ജി.ഷൈല, സി.ഡി.പി.ഒ |
| 3-2 | 10,90,000 | ₹3,33,332/- ശ്രീ. ബാബു ജോസഫ്, സെക്രട്ടറി |
| | | ₹7,56,668/- ശ്രീ. വി.ആർ.ഷാജി,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

- ഇല്ല –

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ. – 3/309/99/06.04.99 |
| 1997-98 | എൽ.എഫ്.ഐ. – 3/304/99/09.04.99 |
| 1998-99 | എൽ.എഫ്.ഐ. - 3/448/2000/19.02.01 |
| 1999-2000 | എൽ.എഫ്.ഐ. – 3/343/01/04.08.01 |
| 2000-01 | എൽ.എഫ്.ഐ. – 3/727/02/05.03.03 |
| 2001-02 | എൽ.എഫ്.ഐ. – 4/225/04/07.06.03 |
| 2002-03 | എൽ.എഫ്.ഐ. – 4/319/04/27.11.04 |
| 2003-04 | എൽ.എഫ്.ഐ. – 4/346/05/08.07.05 |
| 2004-05 | എൽ.എഫ്.ഐ. – 4/817/06/24.01.07 |
| 2005-06 | എൽ.എഫ്.ഐ. - 4/66/08/29.04.08 |
| 2006-07 | എൽ.എഫ്.ഐ. - 4/256/09/15.07.09 |
| 2007-08 | എൽ.എഫ്.ഐ. – 4/257/09/15.07.09 |
| 2008-09 | എൽ.എഫ്.ഐ. - 4/606/11/22.10.11 |
| 2009-10 | എൽ.എഫ്.ഐ.- 4/607/11/05.01.11 |

| | |
|---|---|
| 2010-11 | എൽ.എഫ്.ഐ - 4/697/13/08.11.13 |
| 2011-12 | എൽ.എഫ്.ഐ. - 4/1063/13/07.11.13 |
| 2012-13 | എൽ.എഫ്.ഐ. - 4/276/13/14.05.14 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ – 4/31/16/11.01.16 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ - 4/144/2016 /03.03.2016 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ.-7/282/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി. 04.03.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No.KSA/IDK-7/282/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി. 04.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thodupuzha Block Panchayat in Idukki District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of Thodupuzha Block Panchayat for the year 2015-16 except observations in my Audit Report properly presents the picture of income & expenditure.

SENIOR DEPUTY DIRECTOR